# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6655** **09-11-2016-ൽ മറുപടിയ്ക്ക്**

## നികുതി വരുമാനത്തിലെ വർദ്ധനവ്

| | ചോദ്യം<br>ശ്രീ. കെ.വി.വിജയദാസ് | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം നികുതി വരുമാനം എത്ര ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ; | (എ) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2015-16 ആഗസ്റ്റ് മാസത്തെയും 2016-17 ആഗസ്റ്റ് മാസത്തെയും നികുതി വരുമാനം താരതമ്യം ചെയ്യുമ്പോൾ 2016 ആഗസ്റ്റിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 7.56 ശതമാനത്തിന്റെ വർദ്ധനവ് ആർജ്ജിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൂടുതൽ ഉല്പന്നങ്ങളെ നികുതിയുടെ പരിധിയിലേയ്ക്ക് കൊണ്ടുവരുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (ബി)<br>&<br>(സി) | ഉണ്ട്. ഗോതമ്പ് ഉൽപന്നങ്ങളായ ആട്ട, മൈദ, സൂജി, റവ എന്നിവ പ്രധാനമായും പാക്കറ്റുകളിലാണ് വിപണനം ചെയ്യുന്നത്. നികുതി നിരക്കിൽ കുറവ് വരുത്തിയിട്ടും മുമ്പ് നിലവിലുണ്ടായിരുന്ന അതേ MRP യിലും റീട്ടെയിൽ നിരക്കിലും ആണ് ഇവയുടെ വ്യാപാരം നടന്നുവരുന്നത്. നികുതി നിരക്കിൽ വരുത്തിയ കുറവ് ഉപഭോക്താവിന് ലഭിക്കാത്തതിനാലും നികുതി ഉൾപ്പെടെയാണ് MRP കണക്കാക്കുന്നത് എന്നതിനാലും MRP രേഖപ്പെടുത്തി പാക്കറ്റിലാക്കി വിൽക്കുന്ന ഗോതമ്പുൽപന്നങ്ങളായ ആട്ട, മൈദ, സൂജി, റവ എന്നിവയ്ക്ക് അഞ്ച് ശതമാനം നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കൂടുതൽ ഉല്പന്നങ്ങളെ നികുതിയുടെ പരിധിയിലേയ്ക്ക് കൊണ്ടുവരുന്നതിന് തുടർ നടപടികൾ സ്വീകരിയ്ക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | | |

| | | | |
|---|---|---|---|
| | | | എം.ആർ.പി. രേഖപ്പെടുത്തി പാക്കറ്റിലാക്കി വിൽക്കുന്ന ബസ്മതി അരിയുടെ നികുതി നിരക്കും അഞ്ച് ശതമാനമായി ഉയർത്തിയിട്ടുണ്ട്. വെളിച്ചെണ്ണയ്ക്ക് നികുതി ഇളവ് നൽകിയിരുന്നെങ്കിലും അതിന്റെ ഗുണം കേര കർഷകർക്ക് ലഭിക്കുകയുണ്ടായില്ല. സംസ്ഥാനത്തിനു പുറത്തുനിന്നുള്ള വ്യാപാരികൾ വെളിച്ചെണ്ണ കൊണ്ടുവന്ന് വിൽപന നടത്തി ഈ നികുതിയിളവിനെ ദുരുപയോഗം ചെയ്യുകയും വെളിച്ചെണ്ണ എന്ന വ്യാജേന മറ്റ് ഭക്ഷ്യ എണ്ണകൾ സംസ്ഥാനത്തേയ്ക്ക് കടത്തുന്നതായും ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ സംസ്ഥാനത്തേയ്ക്കുള്ള ഇത്തരം എണ്ണകളുടെ വരവിനെ നിയന്ത്രിക്കാൻ വെളിച്ചെണ്ണയ്ക്ക് 5 ശതമാനം നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാത്തരം ഭക്ഷ്യ എണ്ണകളുടെയും നികുതി നിരക്ക് 5 ശതമാനമായി ഏകീകരിക്കുന്നതിന്റെ ഭാഗമായി റൈസ് ബ്രാൻ ഓയിലിനും 5% നികുതി ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>അടുത്ത വർഷം മുതൽ ചരക്കു സേവന നികുതി ഏർപ്പെടുത്തുന്നതിനാൽ കൂടുതൽ ഉൽപ്പന്നങ്ങളെ പുതുതായി നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ.